**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 465** **17-09-2025 - ൽ മറുപടിയ്ക്ക്**

**ക്ലാസ് മുറികളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് മണ്ഡലത്തിലെ ജി.യു.പി.എസ്. മേപ്പറമ്പ്, ജി.എച്ച്.എസ്.എസ്. കുമരപുരം എന്നീ സ്കൂളുകളിൽ ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്ന് 1.3 കോടി രൂപ അനുവദിച്ച് നിർമ്മാണം ആരംഭിച്ചെങ്കിലും പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അധികതുക ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. പാലക്കാട് മണ്ഡലത്തിലെ ജി യു പി എസ് മേപ്പറമ്പ് ,ജി എച്ച് എസ് എസ് കുമാരപുരം എന്നീ സ്കൂളുകളിൽ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിന് കിഫ്ബി ഫണ്ടായി യഥാക്രമം 1,29,36,530/- , 1,29,99,790/- രൂപ അനുവദിച്ചിരുന്നു. ജി യു പി എസ് മേപ്പറമ്പ് സ്കൂളിന് 25 ലക്ഷം രൂപയും ജി എച്ച് എസ് എസ് കുമാരപുരം സ്കൂളിന് 17 ലക്ഷം രൂപയും കിഫ്ബി ഫണ്ടിന് പുറമേ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കണമെന്നാവശ്യപ്പെട്ട് കിലയിൽ നിന്നും സർക്കാരിലേക്ക് കത്ത് നൽകിയെങ്കിലും കിഫ്ബി പദ്ധതിയുടെ പൂർത്തികരണത്തിന് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് സർക്കാരിൽ നിന്നും അറിയിച്ചിട്ടുള്ളതായി പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. ടി സ്കൂളുകളുടെ പ്രവൃത്തി പൂർത്തികരിക്കുന്നതിന് കിഫ്ബി ഫണ്ട് കൂടാതെ അധിക ഫണ്ട് ആവശ്യമാണെന്ന് ചൂണ്ടികാട്ടി ബഹു. എം.എൽ.എ (പാലക്കാട്) നൽകിയ കത്ത് കിഫ്ബിയിൽ പരിശോധിച്ചു വരികയാണ്. |
| (ബി) | അധികതുക ലഭിക്കാത്തത് കാരണം പദ്ധതി പാതിവഴിയിൽ നിൽക്കുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകളുടെ പശ്ചാത്തല വികസനത്തിനായി 1 കോടി രൂപ വീതം കിഫ്ബി ഫണ്ട് അനുവദിച്ച് 18.06.2019 ലെ സ.ഉ.(സാ.ധാ) നം. 2396/2019/ പൊ.വി.വ പ്രകാരം ഭരണാനുമതി ഉത്തരവ് പുറപെടുവിച്ചിരുന്നു. തുടർന്ന് 04.08.2022 ലെ സ.ഉ.(സാ.ധാ) നം. 4519/2022/പൊ.വി.വ പ്രകാരം ഓരോ സ്കൂളിനുമുള്ള കിഫ്ബി ഫണ്ട് 1 കോടി രൂപയിൽ നിന്നും 1.30 കോടി രൂപയാക്കി ഉയർത്തി പുതുക്കിയ ഭരണാനുമതി ഉത്തരവ് സർക്കാർ പുറപെടുവിച്ചിരുന്നു. ആയതിനാൽ ജി യു പി എസ് |

| | | | |
|---|---|---|---|
| | | | മേപ്പറമ്പ് ,ജി എച്ച് എസ് എസ് കുമാരപുരം എന്നി ഒരു കോടി രൂപ വിഭാഗത്തിൽ പെടുന്ന സ്കൂളുകൾക്ക് കിഫ്ബി ഫണ്ടായി പരമാവധി ഭരണാനുമതി തുകയായ 1.30 കോടി രൂപ മാത്രമേ അനുവദിക്കാൻ കഴിയു.എന്നിരുന്നാലും പദ്ധതി പൂർത്തികരിക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസിയെയും ബഹു. എം.എൽ.എ യേയും പങ്കെടുപ്പിച്ച് ഒരു യോഗം ഉടനടി കിഫ്ബിയിൽ നടത്തുന്നതും പ്രവൃത്തി പൂർത്തികരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ